| 03-03-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ശുദ്ധമായ ചെടികളിൽ 5 വികാരങ്ങളുടെ അഴുക്ക് വീഴുമ്പോഴാണ് ഭ്രഷ്ടാചാരം വർദ്ധിക്കുന്നത്, ഇപ്പോൾ നിങ്ങൾ ശ്രേഷ്ഠാചാരികൾ ആകുകയും ആക്കുകയും വേണം.**

**ചോദ്യം:-** ശ്രേഷ്ഠമാകുന്നതിന് വേണ്ടി ശ്രീ ശ്രീ ശിവബാബയുടെ ഏതൊരു ശ്രേഷ്ഠമായ മതമാണ് ലഭിക്കുന്നത്?

**ഉത്തരം:-** ശ്രേഷ്ഠമാകുന്നതിനുവേണ്ടി ബാബയുടെ ശ്രീമതം ലഭിക്കുകയാണ് - കുട്ടികളേ, കുറഞ്ഞപക്ഷം 8 മണിക്കൂർ എന്റെ സേവനത്തിലിരിക്കൂ, 8 മണിക്കൂർ ആ ഗവണ്മെന്റിന്റെ സേവനം ചെയ്തോളൂ എന്നാൽ 8 മണിക്കൂർ എന്നെ ഓർമ്മിക്കൂ അഥവാ സ്വദർശന ചക്രം തിരിക്കൂ. ഒപ്പം തന്നെ ശംഖധ്വനി മുഴക്കൂ എല്ലാവരോടും പറയൂ ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും കമലപുഷ്പ സമാനമായിരുന്നു കൊണ്ട് ബാബയിൽ നിന്ന് സമ്പത്ത് എടുക്കൂ.

**ഗീതം:-** ഈ കളികളെല്ലാം രചിച്ചതാരാണ്...

**ഓം ശാന്തി**. മധുര മധുരമായ കുട്ടികൾ ഗീതം കേട്ടുവല്ലോ. കുട്ടികൾ പണ്ട് സത്യയുഗത്തിലെ സുഖങ്ങൾ ഒരുപാട് അനുഭവിച്ചിരുന്നു, വളരെ ആനന്ദത്തോടെ. വളരെ വളരെ ആനന്ദമയമായിരുന്നു. ഭാരതം മാത്രമേ ഉണ്ടായിരുന്നുള്ളൂ മറ്റ് ഖണ്ഡങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. രാജാവും റാണിയും എത്രത്തോളം സന്തോഷമുള്ളവരായിരുന്നോ അത്രതന്നെ ഭാരതവാസികൾ സന്തോഷവാന്മാരായിരുന്നു, ആനന്ദത്തിലായിരുന്നു. ഒരിക്കലും ഒരു ഭ്രഷ്ടാചാരങ്ങളും നടന്നിരുന്നില്ല. സത്യയുഗത്തിലെ ദേവീ-ദേവന്മാർ ശ്രേഷ്ഠാചാരികൾ ആയിരുന്നു, അവരുടെ മഹിമ എത്ര പ്രശസ്തമാണ്. രാജാവിനും റാണിക്കും ഉള്ളതുപോലെ തന്നെ പ്രജകൾക്കും മഹിമ ഉണ്ടായിരുന്നു. പിന്നീട് മായ വന്ന് തകർക്കുന്നു. ഇതും ഡ്രാമയിൽ നിർമ്മിക്കപ്പെട്ടതാണ്, ഇത് നല്ലരീതിയിൽ അറിഞ്ഞിരിക്കണം. ബാബക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കിതരാൻ കഴിയില്ല. ബാബ തന്നെയാണ് ഭാരതത്തേയും വിശ്വത്തേയും സദാ സുഖ-ശാന്തിമയമാക്കിയത്, എല്ലാം ചെയ്തിട്ട് സ്വയം മറഞ്ഞിരിക്കുന്നു. ഇത് ആരുടെ മഹിമയാണ്? പരമപിതാ പരമാത്മാവിന്റെ. ഭാരതത്തിൽ സ്വർഗ്ഗം ഉണ്ടായിരുന്നപ്പോൾ ദേവീ-ദേവതമാരുടെ ഭരണമാണ് ഉണ്ടായിരുന്നത്, സതോപ്രധാനമായിരുന്നു, ദു:ഖത്തിന്റെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല. പിന്നീട് അര കല്പത്തിനു ശേഷം രാവണരാജ്യം ഉണ്ടായി. സമ്പൂർണ്ണ നിർവ്വികാരി, മര്യാദാ പുരുഷോത്തമർ - എന്നൊക്കെ വിശേഷിപ്പിക്കുന്നത് സത്യയുഗത്തിലെ ദേവീ ദേവന്മാരെയാണ്. അവിടെ ഒരിക്കലും ഭ്രഷ്ടാചാരം സംഭവിക്കുകയില്ല. അവിടെ ഉണ്ടായിരുന്നത് ശ്രേഷ്ഠാചാരികളായിരുന്നു. ചെടി ശുദ്ധമായിരുന്നു അതിൽ 5 വികാരങ്ങളുടെ അഴുക്ക് വീണതിലൂടെ ഭ്രഷ്ടാചാരങ്ങൾ വർദ്ധിച്ച് വർദ്ധിച്ച് ഇപ്പോൾ പൂർണ്ണമായും ഭ്രഷ്ടാചാരമയമായിരിക്കുന്നു. ശ്രേഷ്ഠാചാരികളായിരുന്ന രാജാവും റാണിയും അതുപോലെയുള്ള പ്രജകളും, അവരെല്ലാരും തന്നെ ഇപ്പോൾ ഭ്രഷ്ടാചാരികളായിത്തീർന്നിരിക്കുന്നു. പാടാറൊക്കെയുണ്ട് - നിർഗ്ഗുണനായ എന്നിൽ ഒരു ഗുണവും ഇല്ലല്ലോ. നീ തന്നെ ദയ കാണിച്ചാലും, ഓ ഗോഡ് ഫാദർ, ദയ യാചിക്കുകയാണ്. ദേവീ-ദേവന്മാരുടെ മുന്നിൽ ചെന്ന് പറയുന്നു ഞങ്ങളെ ഇങ്ങനെയാക്കിത്തീർക്കൂ. ഡ്രാമയെക്കുറിച്ചും അറിവില്ല അവർ എപ്പോൾ അങ്ങനെയായിത്തീരും? അപ്പോൾ നിങ്ങൾ ശ്രേഷ്ഠാചാരികൾ ആയിരുന്നു, ഭ്രഷ്ടാചാരത്തിന്റെ നാമം പോലുമില്ലായിരുന്നു. ഈ സമയം എല്ലാ മനുഷ്യരും ഭ്രഷ്ടരായി മാറിയിരിക്കുന്നു. യഥാ രാജാ-റാണി തഥാ പ്രജ, ഇപ്പോൾ ഭ്രഷ്ടാചാരിയിൽ നിന്നും എങ്ങനെ ശ്രേഷ്ഠാചാരിയാകാം - ഇത് ആരും അറിയുന്നില്ല. ഇത് പതീതമായ ലോകമാണ്. ഭ്രഷ്ടാചാരം ഉണ്ടാകുക തന്നെ വേണം. ഇപ്പോൾ ബാബ പറയുകയാണ് എന്തെല്ലാം മനസ്സിലാക്കുന്നുവോ അതെല്ലാം പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം.

സ്വയം എല്ലാം ചെയ്തുതന്നിട്ട് സ്വയം മറഞ്ഞിരിക്കുന്നവൻ എന്ന് ബാബയെപ്പറ്റി മഹിമ പാടാറുണ്ട്. നിരാകാരനായ ഭഗവാൻ വന്നേ മതിയാകൂ. ശിവജയന്തി ആഘോഷിക്കുന്നു. എങ്ങനെയാണ് വരുന്നത് - ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം. ശിവൻ പതീത പാവനനാണ്, മുഴുവൻ സൃഷ്ടിയും പതീതമാകുന്നത് എപ്പോഴാണോ അപ്പോഴാണ് ശിവൻ വരുന്നത്. വന്നിട്ട് അതിനെ പാവനമാക്കുന്നു. രണ്ടോ നാലോ പേരെയല്ലല്ലോ പാവനമാക്കുന്നത്. രാജാവും റാണിയും അതുപോലെ പ്രജകളും ഒരുപോലെ പാവനമായിരുന്നു എന്നാൽ ഇപ്പോൾ രാജാവും റാണിയും അതുപോലെ പ്രജകളും ഒരുപോലെ പതീതരാണ്. ഇപ്പോൾ രാജാവും റാണിയും ഒന്നുമില്ല. അറിയുന്നു രാജാക്കന്മാർ ഉണ്ടായിരുന്നു, ഇപ്പോൾ അവരുടെ

രാജ്യമല്ല ഉള്ളത്. ബ്രിട്ടീഷ് ഗവണ്മെന്റ് ഉണ്ടായിരുന്നപ്പോൾ പണക്കാരും, ജന്മികളും മറ്റും ധനം നൽകുമായിരുന്നു. ചിലർ ഇരുപതിനായിരം മുതൽ മുപ്പതിനായിരം വരെ നൽകും അപ്പോൾ അവർക്ക് ബഹുമതികൾ ലഭിക്കുമായിരുന്നു. ബാബ അനുഭവി ആയിരുന്നല്ലോ. ശിവബാബയും അനുഭവിയായിട്ടുള്ള ഒരു രഥത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. അങ്ങനെ-ഇങ്ങനെയുള്ള രഥമൊന്നും എടുക്കില്ല. വലിയ-വലിയ രാജാക്കന്മാർ നല്ല ഫസ്റ്റ്ക്ലാസ്സ് കുതിരകളെ മാത്രമേ കൊണ്ടുനടക്കാറുള്ളൂ. മൃഗങ്ങളിലും ചിലതെല്ലാം വളരെ നല്ലതായിരിക്കും. ചില ഒട്ടകങ്ങൾ വളരെ നല്ലതായിരിക്കും. ഇരിക്കുമ്പോൾ വിമാനത്തിൽ പോകുന്നതുപോലെ തോന്നും. ചിലത് അങ്ങനേയും ഉണ്ട് ഒരുപാട് തല്ലുകൊടുക്കേണ്ടിവരുന്നവ. അപ്പോൾ ഈ ഭാരതം അയ്യായിരം വർഷങ്ങൾക്ക് മുൻപ് തീർത്തും സ്വർഗ്ഗമായിരുന്നു. അത് വളരെ പ്രസിദ്ധമാണ്. ക്രിസ്ത്യാനികളും പറയുന്നു ക്രിസ്തുവിന് മൂവായിരം വർഷം മുൻപ് സ്വർഗ്ഗം ആയിരുന്നു എന്ന്. അപ്പോൾ കൽപ്പം തികച്ചും അയ്യായിരം വർഷത്തിന്റേതായില്ലേ. സ്വയം തന്നെ കൽപ്പത്തിന്റെ ആയുസ്സ് പറയുകയാണ് പിന്നെ സത്യയുഗത്തിൽ ലക്ഷം വർഷം ഉണ്ടെന്ന് പറയുന്നു. ഇങ്ങനെ-ഇങ്ങനെയുള്ള പോയിന്റുകൾ ബാബ മനസ്സിലാക്കിത്തരുന്നു, അത് ധാരണ ചെയ്ത് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കണം, എന്നാൽ മനസ്സിലാക്കിക്കൊടുക്കുന്നില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ അറിയുന്നു നമ്മൾ തീർത്തും ശ്രേഷ്ഠാചാരികൾ ആയിരുന്നു. രാജാവും റാണിയും ഏതുപോലെ ശ്രേഷ്ഠരായിരുന്നുവോ അതുപോലെ തന്നെയായിരുന്നു പ്രജകളും. സിംഹവും ആടും ഒരുമിച്ച് ജലപാനം ചെയ്തിരുന്നു. അവിടെ കംസൻ, ജരാസന്ധൻ, ഹിരണ്യകശിപു അങ്ങനെയാരും ഉണ്ടായിരുന്നില്ല. ഹിരണ്യകശിപു മുതലായവരെ സത്യയുഗത്തിലും കൃഷ്ണനെ ദ്വാപരത്തിലും കൊണ്ടുപോയി. രാവണനെ ത്രേതയിൽ കൊണ്ടുവന്നു. എല്ലാ അസുരന്മാർക്കും വ്യത്യസ്തങ്ങളായ പേരുകൾ നൽകിയിരിക്കുന്നു. കുംഭകർണ്ണൻ എന്നതൊക്കെ അസുരന്മാരുടെ പേരാണ്. ഇപ്പോൾ ഉള്ളതാണ് ആസുരിയ സമ്പ്രദായം അർത്ഥം ആസുരിയ മതമനുസരിച്ച് നടക്കുന്നവർ. ഇപ്പോൾ ബാബ വന്ന് ശ്രീമതം തന്നിരിക്കുന്നു, കൃഷ്ണന്റെ കാര്യമല്ല. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരാണ് പിന്നീട് ദേവതകളാകുന്നു. പരമപിതാവായ പരമാത്മാവ് ബ്രഹ്മാവിന്റെ മുഖ കമലത്തിലൂടെ ബ്രാഹ്മണ, ദേവതാ, ക്ഷത്രിയ ധർമ്മം സ്ഥാപിക്കുന്നു. മറ്റൊരു ധർമ്മം അവിടെ ഉണ്ടാകുകയില്ല. സത്യത്രേതായുഗങ്ങളിൽ രണ്ടാമതൊരു ധർമ്മം സ്ഥാപിക്കപ്പെടുന്നില്ല. രണ്ട് യുഗങ്ങളുടേയും ആയുസ്സ് തുല്യമായി 1250 വർഷങ്ങളാണ്. സത്യുഗത്തിൽ ദേവതകളുടെ ഭരണം, ത്രേതയിൽ ക്ഷത്രിയരുടെ ഭരണം... സൂര്യവംശികളും, ചന്ദ്രവംശികളും. ഈ സൂര്യവംശ ചന്ദ്രവംശ രാജ്യങ്ങൾ സ്ഥാപിച്ചത് ആരാണ്? എന്താ ചന്ദ്രവംശ രാജ്യം സ്ഥപിക്കുന്നത് രാമനാണ് എന്നുപറയുമോ? സൂര്യവംശ രാജ്യം സ്ഥാപിക്കുന്നത് ലക്ഷ്മി-നാരായണനാണോ? അല്ല. രണ്ടും സ്ഥാപിക്കുന്നത് പരമപിതാവായ പരമാത്മാവാണ്. സ്വർഗ്ഗത്തിന്റെ രചയിതാവ് ബാബയാണ്. സത്യ-ത്രേതായുഗ രാജ്യങ്ങൾ രചിച്ചിരിക്കുന്നു. പരമപിതാ പരമാത്മാവ് ബ്രഹ്മാവിന്റെ മുഖത്തിലൂടെ ബ്രാഹ്മണ, ദേവതാ, ക്ഷത്രിയ ധർമ്മങ്ങളെ രചിച്ചു എന്ന് പാടപ്പെടുന്നുണ്ട്. ബാബ പറയുന്നു നിങ്ങളെ ഈ കേൾപ്പിക്കുന്ന ജ്ഞാനം പിന്നീട് പ്രായ:ലോപമായിപ്പോകും. ഇസ്ലാം, ബൗദ്ധ, തുടങ്ങി ആരെല്ലാം ധർമ്മങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ അവരുടെയെല്ലം നാമം, രൂപം, ദേശം, കാലം എന്നിവ മറക്കുകയില്ല. അവർ എല്ലാവരാലും അറിയപ്പെടുന്നില്ലേ. ഈ ദേവതാ ധർമ്മം ഞാൻ എങ്ങനെ സ്ഥാപിക്കുന്നു - ഈ ജ്ഞാനം എല്ലാവരും മറന്നുപോകുന്നു. ദ്വാപരത്തിൽ പിന്നീട് എത്ര ധർമ്മങ്ങളാണ് സ്ഥാപിക്കപ്പെടുന്നത്. ഒരു ഇസ്ലാം അല്ലെങ്കിൽ ബൗദ്ധ ധർമ്മത്തിൽ തന്നെ നൂറുകണക്കിന് ആയിട്ടില്ലേ. പരസ്പരം എത്ര വഴക്കിടുന്നു! ഇപ്പോൾ നിങ്ങൾ അറിയുന്നു ബാബ എങ്ങനെ സർവ്വതും ചെയ്തിട്ട് സ്വയം മറഞ്ഞിരിക്കുന്നുവെന്ന്. സ്വർഗ്ഗത്തിൽ ഉണ്ടായിരുന്ന ദേവീദേവന്മാരെ പിന്നീട് മായ വന്ന് പിരിച്ചുകളഞ്ഞു. സംപൂർണ്ണ നിർഗ്ഗുണന്മാരാക്കി. പാടാറുണ്ട് - നിർഗ്ഗുണനായ എന്നിൽ ഗുണങ്ങളൊന്നുമില്ല, അപ്പോഴാണല്ലോ ഗുണവാന്മാരായ ദേവതകളുടെ പൂജ ചെയ്യുന്നത്. വലിയ-വലിയ രാജാക്കന്മാരുടെ കൊട്ടാരത്തിനുള്ളിൽ അമ്പലം ഉണ്ടാകും. പൂജ ചെയ്യും. ക്ഷേത്രങ്ങളില്ലാത്ത ഒരു രാജാവും ഉണ്ടാകില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ അറിയുന്നു ശിവബാബയുടെ ശ്രീമതമനുസരിച്ചാണ് നടക്കേണ്ടത്. ഓരോ ചുവടിലും ശ്രീമതം എടുക്കണം അപ്പോൾ മാത്രമേ ദേവീ ദേവതമാരാകാൻ കഴിയൂ. എന്നാൽ ശ്രീമതമനുസരിച്ച് പോകുന്നില്ല. ബാബ പറയുകയാണ് ഏതെങ്കിലും കാര്യത്തിൽ ആശയക്കുഴപ്പം വന്നാൽ കത്തെഴുതി ചോദിക്കണം. ബാബയെ ഓർമ്മിക്കണം. മായ അങ്ങനെയാണ് അത് സ്വർഗ്ഗം സ്ഥാപിക്കുന്നവനായ പരമപിതാ പരമാത്മാവിനെ ഓർമ്മിക്കാൻ സമ്മതിക്കില്ല. ബാബ അറിയുന്നു കൊടുങ്കാറ്റുകൾ വളരെയധികം വരും. എന്നാൽ കത്തെഴുതി ചോദിക്കണം - ഈ അവസ്ഥയിൽ എന്താണ് ചെയ്യേണ്ടത്? മക്കളുടെ കല്യാണമാണ് - ഈ അവസ്ഥയിൽ എന്ത് ചെയ്യണം? ആരെങ്കിലും മരണപ്പെട്ടു - ഈ അവസ്ഥയിൽ എന്ത് ചെയ്യണം? അഭിപ്രായം ചോദിക്കണം. ശ്രേഷ്ഠമാകണമെങ്കിൽ ശ്രീമതമനുസരിച്ച്

നടക്കണം. കൃഷ്ണന്റെ മതമല്ല. കൃഷ്ണൻ പതീത ലോകത്തിൽ എങ്ങനെ വരും! കൃഷ്ണന്റെ ആത്മാവ് സ്വയം അന്തിമ ജന്മത്തിൽ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. കൃഷ്ണന്റെ ആത്മാവ് മാത്രമേയുള്ളോ? ആരൊക്കെ ദേവീ ദേവതാ കുലത്തിലുണ്ടോ അവരെല്ലാവരും ബ്രാഹ്മണരായിരിക്കുകയാണ്. ഓരോ ചുവടും ശ്രീമതം പ്രകാരം നടക്കണം. ബാബ പറയുകയാണ് എത്രത്തോളം സാധിക്കുന്നുവോ അത്രയും അച്ഛനെ ഓർമ്മിച്ചുകൊണ്ടിരിക്കണം. നിങ്ങളുടെ പാപങ്ങളുടെ ഭാരം വലുതാണ്. ഗവണ്മെന്റ് സർവ്വീസിൽ ഉള്ളവരാരെങ്കിലും എട്ട് മണിക്കൂർ ഗവണ്മെന്റിന്റെ ജോലിയിൽ ആയിരിക്കും, ബാക്കിയുള്ള സമയം ഉണ്ടാകുമല്ലോ അപ്പോൾ ഓർമ്മിക്കണം. കുറഞ്ഞപക്ഷം എട്ട് മണിക്കൂർ നിങ്ങൾ എന്റെ സേവനം ചെയ്യൂ, അച്ഛനെ ഓർമ്മിക്കൂ, സ്വദർശനചക്രം തിരിക്കൂ, ശംഖധ്വനി മുഴക്കൂ. എങ്ങനെയുള്ളത്? സർവ്വരോടും പറയൂ - ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നുകൊണ്ട് കമലപുഷ്പസമാനമായിരിന്നുകൊണ്ട് അച്ഛനിൽനിന്ന് സമ്പത്തെടുക്കൂ. അച്ഛൻ സ്വർഗ്ഗം രചിക്കുകയാണ് അപ്പോൾ സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടണം. ഭാരതം തന്നെയാണ് സ്വർഗ്ഗത്തിന്റെ ഉടമസ്ഥനാകുന്നത്. ഇപ്പോൾ നരകത്തിന്റെ ഉടമസ്ഥനാണ്. നരകത്തിലാണ് ദു:ഖികൾ ഉണ്ടാകുന്നത് അപ്പോഴാണ് ബാബയെ ഓർമ്മിക്കുന്നത് എന്നാൽ ബാബ എന്താണ് നൽകുന്നതെന്ന് അറിയുന്നില്ല. ബാബയെപ്പറ്റിയാണ് പറയുന്നത് സർവ്വവ്യാപി എന്ന്, തൂണിലും-തുരുമ്പിലും ഒക്കെയുണ്ടത്രേ. ബാബ പറയുകയാണ്-നിങ്ങൾ എത്രവലിയ തെറ്റാണ് ചെയ്തിരിക്കുന്നത്. എന്നാൽ ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ അതിൽ നിന്ന് പുറത്തുകടക്കൂ. ഈ ഭക്തിയും മറ്റും ചെയ്ത് ചെയ്ത് നിങ്ങൾ ക്ഷീണിച്ചിരിക്കുകയാണ്. ഇപ്പോൾ ഭക്തിയും വ്യഭിചാരിയായിരിക്കുകയാണ്. മരണം വന്ന് മുന്നിൽ നിൽക്കുകയാണെങ്കിൽ പോലും ശ്രീമതമനുസരിച്ചു തന്നെ പോകണം. എന്നാൽ അങ്ങനേ അച്ഛനെ മറന്നുപോകുകയാണ് ചെയ്യുന്നത്. മായ, രാവണന്റെ രാജ്യത്തെ എങ്ങനെയാണ് നടത്തിക്കൊണ്ടുപോകുന്നത് - ഇതും ആരും അറിയുന്നില്ല. രാവണന്റെ രൂപം കത്തിക്കുന്നു. പിന്നാലെ അത് ഒരു ആചാരമാകുന്നു. രാവണനെ കത്തിച്ചുകൊണ്ടിരിക്കുന്നു എന്നാൽ വർഷം തോറും രാവണൻ വലുതായി വരുന്നു. ആദ്യമൊക്കെ 10 അടിയുടെതാണ് ഉണ്ടാക്കിയിരുന്നത്, പിന്നീട് 15 അടിയുടേത് ഉണ്ടാക്കി, പിന്നെ 50 അടി... മുകളറ്റം എത്രത്തോളം ഉയരത്തിലാണ് ഉണ്ടാക്കിയിരിക്കുന്നത്. ബുദ്ധന്റെ ചിത്രങ്ങളും വളരെ വലുതായി നിമ്മിക്കപ്പെട്ടിരിക്കുന്നു. ഇത്രയും വലിയ മനുഷ്യനൊന്നും ഉണ്ടാകില്ല. പരമാവധി മനുഷ്യന് ആറടിയാണ് ഉണ്ടാകുക. ലക്ഷ്മി-നാരയണന്മാരും ഇത്രയേ ഉണ്ടാകുകയുള്ളൂ. അവിടെ ആയുസ്സ് കൂടുതലായതിനാൽ വലുപ്പമുള്ളവരാകുന്നു, അങ്ങനെയല്ല. അല്ല, മനുഷ്യൻ, മനുഷ്യൻ തന്നെയാണ്. ഇപ്പോൾ നോക്കുമ്പോൾ, ഭിന്ന-ഭിന്ന പ്രകാരത്തിലുള്ളവർ ഉണ്ട്. ചിലർ കറുത്തവർ, ചിലർ അങ്ങനെ. ഭാരതത്തിൽ സുന്ദരമായവർ ഉണ്ടായിരുന്നു, ഇപ്പോൾ കറുത്തുപോയി. സുന്ദരമാക്കുന്നവൻ ബാബയാണ്. ബാബ മനം കവരുന്ന വഴിയാത്രക്കാരനാണ്, ബാബ നിങ്ങളോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ബാബയെ മറന്നുപോകരുത്. ഇദ്ദേഹത്തെ (സാകാര ബാബ) വേണമെങ്കിൽ മറന്നോളൂ. സ്വയം മനസ്സിലാക്കൂ ബാബ നമ്മളാകുന്ന പ്രിയതമകളെ മനോഹരമായ മാലാഖമാരാക്കുകയാണ്. പറയാറുണ്ടല്ലോ ഒരു കുളമുണ്ട്, അതിൽ മുങ്ങിക്കിടന്നാൽ മനുഷ്യൻ മാലാഖയാകും എന്ന്. ഇപ്പോൾ നിങ്ങൾക്ക് അറിയാം ജ്ഞാനസാഗരത്തിലൂടെ ജ്ഞാനത്തിന്റെ മാലാഖമാരാകുന്നു. ഇപ്പോൾ നരകത്തിന്റെ മാലാഖയല്ലേ. ഇനി ആര് എത്ര ഫാഷൻ ആയാലും, പൗഡറും മറ്റും ഇട്ടാലും നരകത്തിൽ തന്നെയല്ലേ. ആരോടെങ്കിലും ചോദിക്കൂ ഇത് സ്വർഗ്ഗമാണോ അതോ നരകമാണോ? പറയും ധനികർക്ക് ഇത് സ്വർഗ്ഗമാണ്. സ്വർഗ്ഗ-നരകങ്ങളെ തിരിച്ചറിയുന്നില്ല. അപ്പോൾ ശ്രീമതത്തിന്റെ ശ്രദ്ധ വെക്കണം. ശ്രീമതത്തെപ്പോലും അറിയുന്നില്ല, ആരാണോ ഇത്രയും ശ്രേഷ്ഠമാക്കിമാറ്റുന്നത് അവന്റെ നാമ രൂപങ്ങൾ മുക്കിക്കളഞ്ഞു. പാടുന്നു - നീ തന്നെ മാതാവും പിതാവും ഞങ്ങൾ നിന്റെ ബാലകരാണ്.... ഇപ്പോൾ മാതാവ് എന്ന് വിളിക്കുന്നതാരെയാണ് - എന്നത് നിങ്ങൾക്കറിയാം. തീർച്ചയായും ആരിലാണോ ബാബ പ്രവേശിച്ച് രചനകളെ രചിക്കുന്നത്, അദ്ദേഹത്തെത്തന്നെയാണ് മാതാവ് എന്ന് വിളിക്കുന്നത്. ഇവിടെ നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ പ്രജാപിതാവായ ബ്രഹ്മാവിന്റെ മുഖവംശാവലികളാണ്. ശിവബാബയുടെ പൗത്രന്മാരും പൗത്രികളുമാണ്. അപ്പോൾ അച്ഛന്റെ പേരും ഉണ്ട്. ഇടയിൽ ദല്ലാളായി ബാബ തീർച്ചയായും വേണം, അദ്ദേഹം നിങ്ങൾ പൗത്ര-പൗത്രിമാരോട് പറയും, മുത്തച്ഛനിൽ നിന്ന് സമ്പത്തെടുക്കൂ എന്ന്. അപ്പോൾ ഇദ്ദേഹം ദല്ലാളാണ്, ഇദ്ദേഹത്തിൽകൂടി സമ്പത്ത് ലഭിക്കില്ല. ഇദ്ദേഹത്തിനും ശിവബാബയിൽ നിന്നാണ് സമ്പത്തെടുക്കേണ്ടത്. ശിവബാബയുടെ മതം പ്രകാരം നടക്കണം. നിങ്ങൾക്ക് ബ്രഹ്മാവിൽ കൂടിയാണ് ശിവബാബയുടെ സമ്പത്ത് ലഭിക്കുന്നത്, എന്നാൽ ബാബ പറയുന്നത് ഇദ്ദേഹത്തേയും മറന്നുകളയണം എന്നാണ്. ശിവബാബയിൽ നിന്നും നിങ്ങൾ അഭിപ്രായം തേടണം. ശിവജയന്തി ആഘോഷിക്കുന്നു പക്ഷേ ഒട്ടും മനസ്സിലാക്കിയിട്ടല്ല. സ്വർഗ്ഗം നിർമ്മിക്കുന്നവനായ ബാബയുടെ ഓർമ്മച്ചിഹ്നങ്ങൾ പൂഴ്ത്തിക്കളഞ്ഞു. നരകമുണ്ടാക്കുന്നവരുടെ സ്മാരകങ്ങൾ സൂക്ഷിച്ചുവെച്ചിരിക്കുന്നു. ദിനം പ്രതിദിനം ഭ്രഷ്ടാചാരം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആർക്കെങ്കിലും അഥവാ ക്രോധം വരുകയാണെങ്കിൽ മനസ്സിലാക്കിക്കൊടുക്കണം നമ്മുടെ ഉള്ളിൽ ഈ ഭൂതം

ഉണ്ടാകുകയാണെങ്കിൽ പിന്നെ നമ്മളെ എങ്ങനെ ശ്രേഷ്ഠാചാരികളെന്ന് വിളിക്കും. നിങ്ങൾ ശ്രേഷ്ഠാചാരികളാകുന്നതിന്റെ പുരുഷാർത്ഥം തീർച്ചയായും ചെയ്യണം. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം –**

1) അച്ഛന്റെ ഓർമ്മയിലൂടെയും ജ്ഞാന സാഗരന്റെ ജ്ഞാനത്തിലൂടെയും സുന്ദരമായ ജ്ഞാന ദേവതകളാകണം. ഓരോ ചുവടിലും ശിവബാബയുടെ അഭിപ്രായം തീർച്ചയായും നേടണം.

2) ശ്രേഷ്ഠാചാരിയാകുന്നതിനായി ഉള്ളിൽ നിന്നും ഭൂതങ്ങളെ തുരത്തണം. ഭ്രഷ്ടരാക്കുന്ന കർമ്മങ്ങളൊന്നും തന്നെ ചെയ്യരുത്.

**വരദാനം:–സമസ്യകളാകുന്ന പർവ്വതത്തെ പറക്കുന്ന കലയിലൂടെ സെക്കന്റിൽ മറി കടക്കുന്ന സഹജ പുരുഷാർത്ഥിയായി ഭവിക്കട്ടെ.**

ഹിമാലയ പർവ്വതം പോലെ എത്ര തന്നെ വലിയ സമസ്യകളെപ്പോലും മറികടക്കുന്നതിന് വേണ്ടി പറക്കുന്ന കലയുടെ വിധി സ്വായത്തമാക്കൂ. സദാ തനിക്കുമുന്നിൽ സർവ്വ പ്രാപ്തികളെയും പുറത്തെടുക്കൂ, പറക്കുന്ന കലയിൽ പറന്നുകൊണ്ടിരിക്കൂ എങ്കിൽ സമസ്യയാകുന്ന പർവ്വതത്തെ സെക്കന്റിനുള്ളിൽ മറി കടക്കാം. കേവലം വർത്തമാനത്തിലെയും ഭാവിയിലെയും പ്രാലബ്ധത്തിന്റെ അനുഭവിയാകൂ. സ്ഥൂല നേത്രങ്ങളിലൂടെ സ്ഥൂല വസ്തുക്കൾ സ്പഷ്ടമായി കാണപ്പെടുന്നത് പോലെ ബുദ്ധിയുടെ അനുഭവത്തിന്റെ നേത്രങ്ങളിലൂടെ പ്രാലബ്ധം സ്പഷ്ടമായി കാണപ്പെടട്ടെ, ഓരോ ചുവടിലും കോടികളുടെ സമ്പാദ്യം സമാഹരിച്ചുകൊണ്ടിരിക്കൂ.

**സ്ലോഗൻ:– ആര് സർവ്വരെയും ആദരിക്കുന്നുവോ അവർ തന്നെയാണ് ആദർശമൂർത്തിയാകുന്നത്.**